94 (2785) മിനിമം വേജസ്

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിനിമം വേജസ് പുതുക്കി നിശ്ചയിക്കേണ്ട വ്യവസായങ്ങളിൽ ആയത് എന്നത്തേയ്ക്ക് പുതുക്കി നിശ്ചയിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാലാവധി കഴിഞ്ഞ മേഖലകളിൽ നോട്ടിഫിക്കേഷൻ രീതിയിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും കഴിയും ഇത്തരം നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കാൻ.

95 (2786) കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988-ന് മുമ്പ് സർവ്വീസിൽനിന്നും പിരിഞ്ഞ കശുവണ്ടി തൊഴിലാളികൾക്ക് പെൻഷൻ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് പെൻഷൻ നൽകിത്തുടങ്ങിയത്;

(സി) മുൻകാല പ്രാബല്യം അനുവദിച്ചിരുന്നോ;

(ഡി) എത്രപേർക്കാണ് പെൻഷൻ നൽകിത്തുടങ്ങിയത്;

(ഇ) ഇവർക്ക് 1999 മാർച്ച് 31 വരെ മുടങ്ങാതെ പെൻഷൻ നൽകിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) 1998ന് മുമ്പ് സർവ്വീസിൽനിന്നും പിരിഞ്ഞവരും വൃദ്ധരുമായ കശുവണ്ടി തൊഴിലാളികൾക്ക് മുടക്കം കൂടാതെ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997 ഡിസംബർ മുതൽ.

(സി) ഇല്ല.

(ഡി) 8743 പേർക്ക് പെൻഷൻ നൽകി.

(ഇ) ഇല്ല. ഇവർക്ക് 1998 ജൂലൈ മാസംവരെ പെൻഷൻ നൽകിയിട്ടുണ്ട്.

(എഫ്) പുതിയ പെൻഷൻ പദ്ധതി പ്രകാരം അർഹരായ തൊഴിലാളികളിൽ ഉണ്ടായ ഭീമമായ വർദ്ധനവും ഇതിലേക്കാവശ്യമായിവരുന്ന പണത്തിന്റെ കുറവും കാരണമാണ് പെൻഷൻ നൽകാൻ വൈകുന്നത്.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly